**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **08-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2018- 2019 കാലയളവിൽ എം.എൽ.എ. - എ.ഡി.എഫ്. ൽ ഉൾപ്പെടുത്തി 15 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഒരു സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) | ആകെ 46 ക്ലാസ് റൂമുകൾക്കായി 29,25,810/- രൂപയാണ് അനുവദിച്ചിരിക്കുന്നത്. (ഒരു ക്ലാസ് റൂമിന് ഏകദേശം 63,605/- രൂപ) |
| (സി) | ഈ ഇനത്തിൽ ആകെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | നിർമ്മാണം പൂർത്തിയാക്കി കെൽട്രോൺ ബില്ലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും മാറി നൽകിയിട്ടില്ല. |
| (ഡി) | നിർമ്മാണ ഏജൻസിയായ കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഏത് തിയതിയിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (ഡി) | നിർമ്മാണ ഏജൻസിയായ കെൽട്രോണിന് തുക അനുവദിച്ചിട്ടില്ല. |
| (ഇ) | തുക അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഇ) | ബില്ലിനോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകളിലെ അപര്യാപ്തത മൂലം ബിൽ തുക മാറി നൽകാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ